## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6419

31.10.2011 ൽ
മറുപടിക്ക്

### ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ:

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രതിമാസാവലോകന പ്രവർത്തനത്തിനായി പരിഗണിച്ച ഉൽപാദനമേഖലയിൽ പ്രവർത്തിക്കുന്ന 36 സ്ഥാപനങ്ങളിൽ (Kerala State Cashew Development Corporation & Capex ഉൾപ്പെടെ) 2011-12 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 11 സ്ഥാപനങ്ങൾ ലാഭത്തിലും 25 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.

(ബി) പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചു കിടന്നിരുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.